"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- കില-കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ അന്യത്രസേവന വ്യവസ്ഥയിൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി.ആശ.വി-യുടെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.9/2026/LSGD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. സർക്കുലർ നം.42/2013/ധന, തീയതി 15.10.2023
2. സ.ഉ(സാധാ)നം.580/2013/ധന ,തീയതി.28.11.2013
3. സ.ഉ(സാധാ)നം.3139/2022/തസ്വഭവ, തീയതി.19.12.2022
4. സ.ഉ(സാധാ)നം.263/2024/തസ്വഭവ, തീയതി. 31.01.2024
5. സ.ഉ(സാധാ)നം.887/2025/തസ്വഭവ, തീയതി. 02.04.2025
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പിന്റെ 09.11.2025, 16.12.205 എന്നീ തീയതികളിലെ LSGD/PD/34377/2025-DEA5 നമ്പർ കത്തുകൾ

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ പരാമർശം (3) പ്രകാരം മാനേജർ (ടെക്നിക്കൽ) തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചിതയായ തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ആശ.വി-യുടെ (പെൻ - 674342) അന്യത്ര സേവനകാലാവധി പരാമർശം (5) പ്രകാരം 22/12/2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. ടിയാളുടെ അന്യത്ര സേവനകാലാവധി 21.12.2025 അവസാനിക്കുന്നതിനാൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ശ്രീമതി.ആശ.വി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ശ്രീമതി.ആശ.വി.യുടെ അന്യത്ര സേവനം ഒരു കോടി, മൂന്ന് കോടി വിഭാഗത്തിൽ ഉൾപ്പെടുന്ന സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിനുള്ള പദ്ധതിനിർവ്വഹണത്തിന് അനിവാര്യമാണെന്ന്

കാണുന്നതിനാൽ ടിയാളുടെ അപേക്ഷ പരിഗണിച്ച് അന്യത്ര സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ആശ.വി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം -ന്റെ കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ മാനേജർ (ടെക്നിക്കൽ) തസ്തികയിലെ അന്യത്ര സേവനകാലാവധി, അന്യത്ര സേവനം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും, പരാമർശം (1), (2) എന്നിവയിലെ നിബന്ധനകൾക്കും, കെ.എസ്.ആർ. ഭാഗം-I, ചട്ടം 140 (സി)-യിലെ നിബന്ധനകൾക്കും വിധേയമായി, 22/12/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.ആശ വി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, (ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് മാനേജർ, കില-കിഫ്ബി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്)കേരള,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്.
ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ/സബ് ട്രഷറി ഓഫീസർ(ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 01-01-2026 14:48:13
സെക്ഷൻ ഓഫീസർ